# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# എരുമേലി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ കെറ്റിഎം പി11/1384/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 13/12/2021
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എരുമേലി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : എരുമേലി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എരുമേലി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ കെറ്റിഎം പി11/1384/21 തീയ്യതി: 13/12/2021

## കോട്ടയം ജില്ലയിലെ എരുമേലി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ എരുമേലി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 26-10-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. രാധാകൃഷ്ണൻ എം എൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 11-10-2021 | 26-10-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 11-10-2021 | 26-10-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി മായ ആർ., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീമതി ലേഖ വി., ഓഡിറ്റ് ഓഫീസർ

ശ്രീ രാജേഷ് എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സുനിത എം. എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ശിവരാജ് പി., സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ റ്റി. എസ്. കൃഷ്ണകുമാർ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ നൗഷാദ് പി. എ. | സെക്രട്ടറി | 01-04-2019 | 01-04-2019 |
| ശ്രീ മുഹ്സിൻ പി. എം. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-04-2019 | 24-04-2019 |
| ശ്രീ നൗഷാദ് പി. എ. | സെക്രട്ടറി | 25-04-2019 | 30-06-2019 |
| ശ്രീ മുഹ്സിൻ പി. എം. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-07-2019 | 17-07-2019 |
| ശ്രീ കെ. റ്റി. ഷാജി | സെക്രട്ടറി | 18-07-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷിജുകുമാർ വി. | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. ജെസ്സി ജെയിംസ് | സീനിയർ വെറ്ററിനറി സർജൻ | 01-04-2019 | 15-07-2019 |
| ഡോ. അനിൽകുമാർ റ്റി. | സീനിയർ വെറ്റിനറി സർജൻ | 16-07-2019 | 31-03-2020 |
| ഡോ. സീന എം. ഇസ്മയിൽ | മെഡിക്കൽ ഓഫീസർ-CHC | 01-04-2019 | 31-03-2020 |
| ഡോ. ശ്രീലക്ഷ്മി എസ്. | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-04-2019 | 10-10-2019 |
| ഡോ. അഞ്ജന റ്റി. ആർ. | മെഡിക്കൽ ഓഫീസർ-ഹോമിയോ | 11-10-2019 | 25-10-2019 |
| ഡോ. ശ്രീലക്ഷ്മി എസ്. | മെഡിക്കൽ ഓഫീസർ-ഹോമിയോ | 26-10-2019 | 14-11-2019 |
| | | 15-11-2019 | 03-03-2020 |

| | | | |
|---|---|---|---|
| ഡോ. അഞ്ജന റ്റി. ആർ. | മെഡിക്കൽ ഓഫീസർ-ഹോമിയോ | | |
| ഡോ. അരുൺ രാജ് | മെഡിക്കൽ ഓഫീസർ-ഹോമിയോ | 04-03-2020 | 31-03-2020 |
| ഡോ. ബേനസീർ കെ. എ. | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2019 | 31-03-2020 |
| മിനി ജോസഫ് | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ജിഷ ജോസഫ് | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ജാൻസിമോൾ വർഗ്ഗീസ് | ഹെഡ്മിസ്ട്രസ്-ഗവ. വെൽഫെയർ LPS മുട്ടപ്പള്ളി | 01-04-2019 | 06-06-2019 |
| സിസൺ തോമസ് | ഹെഡ്മിസ്ട്രസ്-ഗവ. വെൽഫെയർ LPS മുട്ടപ്പള്ളി | 26-06-2019 | 31-03-2020 |
| ഷൈൻ പി. ആർ. | അസിസ്റ്റന്റ് എഞ്ചിനീയർ-LSGD | 01-04-2019 | 09-08-2019 |
| ഉദീഷ് യു. | അസിസ്റ്റന്റ് എഞ്ചിനീയർ-LSGD | 14-08-2019 | 06-01-2020 |
| ബെന്നി തോമസ് | അസിസ്റ്റന്റ് എഞ്ചിനീയർ-LSGD | 07-01-2020 | 06-02-2020 |
| അഖിൽ എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ-LSGD | 07-02-2020 | 31-03-2020 |
| മുഹ്സിൻ പി. എം. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| സതീഷ് കെ. കെ. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(ചേനപ്പാടി) | 16-06-2019 | 14-10-2019 |
| ഷെറിൻ എ. ജബ്ബാർ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(ചേനപ്പാടി) | 15-10-2019 | 12-11-2019 |
| ആകാശ് ജി. | വില്ലേജ് | 13-11-2019 | 24-11-2019 |

| | | | |
|---|---|---|---|
| കൃഷ്ണൻ | എക്സ്റ്റെൻഷൻ ഓഫീസർ(ചേനപ്പാടി) | | |
| സന്തോഷ് കുമാർ കെ. ദേവ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(ചേനപ്പാടി) | 25-11-2019 | 31-03-2020 |
| ആകർഷ് ജി. കൃഷ്ണൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(ചേനപ്പാടി) | 01-04-2019 | 15-06-2019 |
| സതീഷ് കെ. കെ. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(എരുമേലി) | 01-04-2019 | 14-10-2019 |
| ഷെറിൻ എ. ജബ്ബാർ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(എരുമേലി) | 15-10-2019 | 12-11-2019 |
| ആകർഷ് ജി. കൃഷ്ണൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(എരുമേലി) | 12-11-2019 | 31-03-2020 |

വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർമാർക്ക് എരുമേലി, ചേനപ്പാടി സർക്കിളുകളിലും പ്രോജക്ട് നിർവ്വഹണം ഉണ്ടായിരുന്നു.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്-വിശകലനം<br>Written By: Sivaraj P (Senior Grade Auditor, On 18-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 03-12-2021) | 1-1 |
| 2 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Sivaraj P (Senior Grade Auditor, On 18-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 06-12-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sivaraj P (Senior Grade Auditor, On 18-10-2021)<br>Last Updated By: Sivaraj P (Senior Grade Auditor, On 28-10-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Sivaraj P (Senior Grade Auditor, On 18-10-2021)<br>Last Updated By: Sivaraj P (Senior Grade Auditor, On 28-10-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Maya R (Audit Officer, On 28-10-2021)<br>Last Updated By: Maya R (Audit Officer, On 28-10-2021) | 1-5 |
| 6 | ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി<br>Written By: Sivaraj P (Senior Grade Auditor, On 26-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 03-12-2021) | 1-6 |
| 7 | സാമൂഹ്യക്ഷേമ പദ്ധതികൾ<br>Written By: Sivaraj P (Senior Grade Auditor, On 18-10-2021)<br>Last Updated By: Sivaraj P (Senior Grade Auditor, On 25-10-2021) | 1-7 |
| 8 | ക്യാഷ്ബാലൻസ് പരിശോധന<br>Written By: Sivaraj P (Senior Grade Auditor, On 18-10-2021)<br>Last Updated By: Sivaraj P (Senior Grade Auditor, On 18-10-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: Maya R (Audit Officer, On 28-10-2021)<br>Last Updated By: Maya R (Audit Officer, On 28-10-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sivaraj P (Senior Grade Auditor, On 18-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 03-12-2021) | 1-10 |
| 11 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sunitha M S (Senior Grade Auditor, On 27-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 13-12-2021) | 1-11 |
| 12 | വാഹനലേലത്തിൽ നടപടിക്രമങ്ങളിൽ അപാകത- പുനർലേലം നടത്തിയിട്ടില്ല<br>Written By: Lekha V (Audit Officer, On 27-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 03-12-2021) | 1-12 |
| 13 | വെള്ളക്കരം സംയുക്ത പരിശോധന നടത്തിയിട്ടില്ല<br>Written By: Lekha V (Audit Officer, On 26-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 03-12-2021) | 1-13 |
| 14 | സസ് പെൻഷൻ കാലയളവിൽ 180 ദിവസത്തിനുശേഷവും വീട്ടുവാടക ബത്ത അനുവദിച്ചിരിക്കുന്നു<br>Written By: Lekha V (Audit Officer, On 27-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 03-12-2021) | 1-14 |
| 15 | ഗ്രാമലക്ഷ്മിമുദ്രാലയത്തിൽ നിന്നും രജിസ്റ്ററുകളും ഫാറങ്ങളും ലഭിക്കാനവശേഷിക്കുന്നു<br>Written By: Lekha V (Audit Officer, On 26-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 03-12-2021) | 1-15 |
| 16 | ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല<br>Written By: Lekha V (Audit Officer, On 26-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 03-12-2021) | 1-16 |
| 17 | | 1-17 |

| | | |
|---|---|---|
| | വിവിധ കമ്മറ്റി തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ അലംഭാവം<br>Written By: Maya R (Audit Officer, On 27-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 13-12-2021) | |
| 18 | തെരുവുവിളക്ക് ഉപകരണങ്ങൾ വാങ്ങൽ- ബില്ലിൽ നിന്നും ജിഎസ് ടി ഈടാക്കിയിട്ടില്ല<br>Written By: Maya R (Audit Officer, On 27-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 06-12-2021) | 1-18 |
| 19 | വിവിധ നിക്ഷേപ പ്രവൃത്തികൾ- വിനിയോഗസാക്ഷ്യപത്രം ലഭിച്ചിരുന്നില്ല<br>Written By: Maya R (Audit Officer, On 27-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 13-12-2021) | 1-19 |
| 20 | റോഡ് റീ ടാറിംഗ് പ്രവൃത്തികൾ- കാലിബാരലിന്റെ വില ഈടാക്കിയില്ല<br>Written By: Sunitha M S (Senior Grade Auditor, On 27-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 03-12-2021) | 1-20 |
| 21 | കാലിത്തീറ്റ വിതരണം-കേരള ഫീഡ്സിൽ കുടിശിക നിലനില്കുന്നു<br>Written By: Rajesh M (Asst. Audit Officer, On 26-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 13-12-2021) | 1-21 |
| 22 | ആശ്രയ പദ്ധതി -വികസനഫണ്ട് -പ്രൊജക്റ്റ് പ്രകാരമുള്ള പ്രവർത്തനങ്ങൾക്ക് വിനിയോഗിച്ചില്ല<br>Written By: Maya R (Audit Officer, On 27-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 03-12-2021) | 1-22 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം<br>Written By: Sivaraj P (Senior Grade Auditor, On 13-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 13-12-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം<br>Written By: Sivaraj P (Senior Grade Auditor, On 13-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 13-12-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sivaraj P (Senior Grade Auditor, On 13-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 03-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Sivaraj P (Senior Grade Auditor, On 13-10-2021)<br>Last Updated By: Sivaraj P (Senior Grade Auditor, On 13-10-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sivaraj P (Senior Grade Auditor, On 13-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 03-12-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Sivaraj P (Senior Grade Auditor, On 13-10-2021)<br>Last Updated By: Sivaraj P (Senior Grade Auditor, On 13-10-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sivaraj P (Senior Grade Auditor, On 13-10-2021) | 4-7 |

| | | |
|---|---|---|
| | Last Updated By: Ramamol Velayudhan (Computer Assistant, On 13-12-2021) | |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Sivaraj P (Senior Grade Auditor, On 13-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 13-12-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Sivaraj P (Senior Grade Auditor, On 13-10-2021)<br>Last Updated By: Sivaraj P (Senior Grade Auditor, On 13-10-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sivaraj P (Senior Grade Auditor, On 13-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 06-12-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sivaraj P (Senior Grade Auditor, On 13-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 06-12-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്-വിശകലനം

2019-20 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 21/02/2019 തീയതിയിലെ 1/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക(R&P) പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | R&P പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 4,982,835/- | 48,523,783/- |
| വരവ് | 375,365,000/- | 104,013,883/- |
| ആകെ | 380,347,835/- | 152,537,666/- |
| ചെലവ് | 376,645,640/- | 99,944,883/- |
| നീക്കിയിരിപ്പ് | 3,702,195/- | 52,592,783/- |

ബജറ്റ് പ്രകാരം 37.54 കോടി രൂപയുടെ പ്രതീക്ഷിത വരവും 37.66 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2019-20 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക(I&E) പ്രകാരം വരുമാനം 14 കോടി രൂപയും ചെലവ് 12.9 കോടി രൂപയുമാണ്. മുൻ വർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കാതെ ബജറ്റ് തയ്യാറാക്കിയതുമൂലമാണ് യഥാർത്ഥ കണക്കുകളും ബജറ്റ് പ്രതീക്ഷിത കണക്കുകളും തമ്മിൽ വലിയ അന്തരമുണ്ടായത്. മുന്നിരിപ്പ്-നീക്കിയിരിപ്പ് ബജറ്റിൽ കണക്കാക്കിയതും വലിയ അന്തരത്തിലാണെന്ന് കാണുന്നു. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എല്ലാം കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.

### 1-2 വാർഷിക കണക്കുകളിലെ അപാകതകൾ

എരുമേലി ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 139,952,459/- രൂപയും ചെലവ് 129,072,964/- രൂപയും തൻവർഷ പ്രവർത്തന മിച്ചം 10,879,495/- രൂപയുമാണ്. 31/03/2020-ലെ പഞ്ചായത്തിന്റെ ആസ്തിമൂല്യം 118,561,561/- രൂപയും ബാധ്യതകളുടെ മൂല്യം 54,475,106/- രൂപയും ജനറൽ ഫണ്ട് 64,086,455/- രൂപയുമാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1. 31/03/2020 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.
2. പഞ്ചായത്തിന് ലഭിച്ചതും ഫണ്ടിൽ അവശേഷിക്കുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ(ബി-4) കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖയായ എ.സി.ആർ. ആധികാരികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ജില്ല-ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങളുടെ 320700104, 320700204, 320700205, 320700404 ശീർഷകങ്ങളിൽ 31/03/2020 ലെ നീക്കിയിരിപ്പ് ഏതെല്ലാം പ്രോജക്ടുകൾക്ക് ലഭിച്ച ഗ്രാന്റാണ് എന്നതിന്റെ വിവരം ലഭ്യമല്ല. എ.സി.ആർ. സൂക്ഷിക്കാത്തതിനാൽ സംയുക്ത പ്രോജക്ട് ഫണ്ട് വിനിയോഗത്തിന്റെ വിശദാംശം പരിശോധിക്കാൻ സാധിച്ചിട്ടില്ല.
3. പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്ന വിവിധ ഡെപ്പോസിറ്റ് തുകകളുടെ മുന്നിരിപ്പ് വിശദാംശം രജിസ്റ്ററിൽ ലഭ്യമല്ല. കൃത്യമായ മുന്നിരിപ്പ് വിശദാംശങ്ങളുടെ അഭാവത്തിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് സാധിച്ചിട്ടില്ല.

4. സലിം കെ. എച്ച്. എന്ന വ്യക്തി തടിലേല തുകയിലേക്ക് ബിഡ്ഡേഴ്സ് EMD ആയി ഒടുക്കിയ 6,000/- രൂപ(രസീത് 119020107081/29.01.2020) ലേലശേഷം Sale Of Timber ശീർഷകത്തിലേക്ക് മാറ്റിയില്ല. പ്രസ്തുത ഒറിജിനൽ രസീത് വാങ്ങി ക്യാൻസൽ ചെയ്ത് അക്കൌണ്ടിങ്ങ് ക്രമീകരണം നടത്തേണ്ടതാണ്.
5. 31/03/2020-ലെ ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂൾ പ്രകാരം 350800299 ശീർഷകത്തിലെ 2,571/- രൂപ ഏതിനം ഫണ്ടാണെന്ന് വ്യക്തമല്ല.
6. സർക്കാർ/മറ്റ് സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
7. 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
8. പ്രോജക്ട് നം.299/20 പ്രകാരം ടിപ്പർ ലോറി വാങ്ങുന്നതിന് 1,315,269/- രൂപയാണ് ചെലവഴിച്ചത്. 410710102-Movable Assets-Vehicles ശീർഷകത്തിൽ 556,461/- രൂപയുടെ ചെലവ് മാത്രമാണ് അക്കൌണ്ട് ചെയ്തത്.
9. 412010101-Capital Work In Progress ശീർഷകത്തിലെ ഇടപാടുകളുടെയും നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല.
10. വാടക കുടിശികയിനത്തിൽ 31/03/2020-ൽ ലഭിക്കാനുള്ള 1,000,740/- രൂപ ഏതെല്ലാം കുത്തകക്കാരാണ് ഒടുക്കാനുള്ളതെന്ന് ഡിമാന്റ് രജിസ്റ്ററിൽ വിശദാംശമില്ല.
11. വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് സാംഖ്യ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
12. 350410101,350410102,350410301 ശീർഷകങ്ങളിലെ യഥാക്രമം വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് അക്രുവൽ വരവുകളുടെ മുൻകൂറുകൾ ക്രമീകരിച്ചതിന്റെ വിശദാംശം ഡിമാന്റ് രജിസ്റ്ററുകളിൽ ലഭ്യമല്ല.
13. പഞ്ചായത്ത് 2019-20 വർഷം നിക്ഷേപ പ്രവൃത്തികൾക്കായി കോസ്റ്റ്ഫോർഡിൽ പ്രോജക്ട് നം.259/20 പ്രകാരം നിക്ഷേപിച്ച 1,816,100/-രൂപ നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല.
14. 1-18 പ്രകാരം മുൻവർഷ ഇനമായി ക്രമീകരിച്ച തുകകളുടെ അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തിയതിന് അടിസ്ഥാനമായ വിശദീകരണമോ രേഖകളോ ലഭ്യമല്ല.
15. വിവിധ അഡ്വാൻസ്/ഡെപ്പോസിറ്റ് തുകകളുടെ വിനിമയം ഡെപോസിറ്റ് രജിസ്റ്ററിൽ കൃത്യമായി നിരീക്ഷിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. B-18 ഷെഡ്യൂൾ പ്രകാരമുള്ള അഡ്വാൻസ്/ഡെപ്പോസിറ്റ് തുകകളുടെ വിശദാംശം ലഭ്യമല്ല.
16. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ്-ചെലവ് കണക്കുകൾ ധനകാര്യ പത്രികയിലെ വരവ്-ചെലവ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ പരിഹരിച്ച് ഓരോ കണക്കുകളും വിശദീകരിക്കുന്ന അടിസ്ഥാന രേഖകൾ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

2019-20 വർഷത്തെ റസീറ്റ് & പേമെന്റ് പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 48,523,783/- |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 104,013,883/- |
| ആകെ | 152,537,666/- |
| | |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 99,944,883/- |
| നീക്കിയിരിപ്പ് | 52,592,783/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3,742,850/- |

## 1-4 ഫണ്ട് വിനിയോഗം

എരുമേലി ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം ധനകാര്യ പത്രിക പ്രകാരമുള്ളതും ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 25,815,000/- | 25,815,000/- | 15,510,511/- | 10,304,489/- | 60.08 |
| വികസന ഫണ്ട്-എസ്.സി.പി. | 0 | 14,379,000/- | 14,379,000/- | 7,061,839/- | 7,317,161/- | 56.79 |
| വികസന ഫണ്ട്-ടി.എസ്.പി. | 0 | 4,307,000/- | 4,307,000/- | 1,440,673/- | 2,866,327/- | 33.45 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) | 0 | 18,630,593/- | 18,630,593/- | 6,718,813/- | 11,911,780/- | 36.06 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 0 | 20,002,000/- | 20,002,000/- | 10,686,327/- | 9,315,673/- | 53.43 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 0 | 7,308,000/- | 7,308,000/- | 3,935,871/- | 3,372,129/- | 53.86 |
| സമ്പൂർണ്ണ ശുചിത്വ പരിപാടി(TSC) | 1,415,377/- | 0 | 1,415,377/- | 0 | 1,415,377/- | - |
| സർവ്വ ശിക്ഷ അഭിയാൻ | 26,090/- | 898/- | 26,988/- | 0 | 26,988/- | - |
| ICDS ഫണ്ട് | 1,355,278/- | 1,359,634/- | 2,714,912/- | 2,237,409/- | 477,503/- | - |
| ഖരമാലിന്യ സംസ്കരണ ഗ്രാന്റ് | 1,241,745/- | 0 | 1,241,745/- | 418,097/- | 823,648/- | - |
| പട്ടികവർഗ്ഗ(ST) ഗ്രാന്റ് | 2,165,041/- | 0 | 2,165,041/- | 0 | 2,165,041/- | - |
| ഗ്രന്ഥശാല ഗ്രാന്റ് | 0 | 15,580/- | 15,580/- | 15,580/- | 0 | - |
| സാക്ഷരത ഫണ്ട് | 0 | 31,520/- | 31,520/- | 31,520/- | 0 | - |
| ശബരിമല ഗ്രാന്റ് | 35,968/- | 3,000,000/- | 3,035,968/- | 2,154,097/- | 881,871/- | - |
| സമ്പൂർണ സാനിട്ടേഷൻ ഫണ്ട് | 1,694,050/- | 0 | 1,694,050/- | 0 | 1,694,050/- | - |
| സർക്കാർ ഫണ്ട്(ലൈഫ്) | 11,557/- | 9,310,320/- | 9,321,877/- | 8,038,175/- | 1,283,702/- | - |
| നിർമ്മൽ പുരസ്കാരം | 500,000/- | 0 | 500,000/- | 254,980/- | 245,020/- | - |

ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) ൽ ബജറ്റ് വിഹിതത്തിൽ അധികരിച്ച് 4,593/- രൂപ അലോട്ട്മെന്റ് ലഭിച്ചതായി ACR-ൽ കാണുന്നു. വികസന ഫണ്ടിന്റെ ധനകാര്യ പത്രിക പ്രകാരമുള്ള ചെലവും ഗ്രാന്റ് പത്രിക പ്രകാരമുള്ള ചെലവും തമ്മിലുള്ള വ്യത്യാസം ജി.ഒ. പ്രോജക്ടുകൾക്കായി അലോട്ട്മെന്റിൽ ക്രമീകരിച്ച തുകയാണ്. വിശദാംശം ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | ACR പ്രകാരം അലോട്ട്മെന്റ് | ജി.ഒ. പ്രോജക്ട് നം. | ബജറ്റ് അലോട്ട്മെന്റ് |
|---|---|---|---|
| വികസന ഫണ്ട്-General | 24,329,356/- | 407/20-742,647/-<br>442/20-742,647/- | 25,815,000/- |

| | | | |
|---|---|---|---|
| | | 350/-<br>ആകെ-1,485,644/- | |
| വികസന ഫണ്ട്-SCP | 9,453,647/-<br>4,660,647/-(അലോട്ട്മെന്റ് ചേർക്കാത്തത്) | 408/20-132,353/-<br>443/20-132,353/-<br>ആകെ-264,706/- | 14,379,000/- |
| വികസന ഫണ്ട്-TSP | 2,834,635/-<br>1,398,836/-(അലോട്ട്മെന്റ് ചേർക്കാത്തത്) | 409/20-36,765/-<br>444/20-36,764/-<br>ആകെ-73,529/- | 4,307,000/- |

1. വികസന ഫണ്ട്-പൊതുവിഭാഗം 350/- രൂപയുടെ ജി.ഓ. പ്രോജക്ട് ചെലവ് അക്കൌണ്ട് ചെയ്തില്ല. 15,510,511/- രൂപ ചെലവിൽ 15,510,161/- രൂപയുടെ ചെലവാണ് ധനകാര്യ പത്രികയിലും ഗ്രാന്റ് പത്രികയിലും പ്രതിഫലിക്കുന്നത്.
2. 21/12/2019 ലെ G.O(Rt) No.10050/2019/Fin പ്രകാരമുള്ള വികസന ഫണ്ട്-SCP യിലെ 4,660,647/- രൂപയുടെയും വികസന ഫണ്ട്-TSP യിലെ 1,398,836/- രൂപയുടെയും അലോട്ട്മെന്റുകൾ ACR ൽ ചേർത്തിട്ടില്ല. ACR ലും ഗ്രാന്റ് പത്രികയിലും അലോട്ട്മെന്റിൽ പ്രസ്തുത അലോട്ട്മെന്റ് തുകയുടെ വ്യത്യാസം നിലനിൽക്കുന്നു.
3. സംരക്ഷണ ഗ്രാന്റ്-നോൺ റോഡ് ഫണ്ടിൽ 2,436,000/- രൂപ മാത്രമാണ് അലോട്ട്മെന്റായി ചേർത്തത്. 4,872,000/- രൂപയുടെ അലോട്ട്മെന്റ് ACR ൽ ചേർത്തിട്ടില്ല. ആയതിനാൽ ACR, ഗ്രാന്റ് പത്രിക എന്നിവ പ്രകാരം പ്രോഗ്രസീവ് ചെലവിനു ശേഷം അലോട്ട്മെന്റ് നീക്കിയിരിപ്പ് നെഗറ്റീവ് തുക കാണിക്കുന്നു.
4. സംരക്ഷണ ഗ്രാന്റ്-റോഡ് ഫണ്ടിൽ 6,667,300/- രൂപയാണ് അലോട്ട്മെന്റായി ചേർത്തത്. 13,334,700/- രൂപയുടെ അലോട്ട്മെന്റ് ACR ൽ ചേർത്തിട്ടില്ല. ആയതിനാൽ ACR, ഗ്രാന്റ് പത്രിക എന്നിവ പ്രകാരം പ്രോഗ്രസീവ് ചെലവിനു ശേഷം അലോട്ട്മെന്റ് നീക്കിയിരിപ്പ് നെഗറ്റീവ് തുക കാണിക്കുന്നു.
5. 13/11/2019-ലെ സ.ഉ.(സാധാ) നം.8959/2019/ധന ഉത്തരവ് പ്രകാരം ശബരിമല പ്രത്യേക ഗ്രാന്റായി ലഭിച്ച 15 ലക്ഷം രൂപ ജനറൽ പർപ്പസ് ഫണ്ടായിട്ടാണ് അക്കൌണ്ട് ചെയ്തത്. ആയതിനാൽ ടി ഫണ്ടിന്റെ വിനിമയം ശബരിമല ഗ്രാന്റ് ശീർഷകത്തിൽ പ്രതിഫലിച്ചിട്ടില്ല.
6. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം അക്കൗണ്ട് ചെയ്യുന്നതിന് എ.സി.ആർ. സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. പ്രസ്തുത ഗ്രാന്റുകളുടെ 2020-21 ധനകാര്യ പത്രിക പ്രകാരമുള്ള വരവു-ചെലവു കണക്കുകളാണ് പട്ടികയിൽ ചേർത്തിരിക്കുന്നത്.

വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്,പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് എന്നിവയുടെ കണക്കിൽ മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2019-20 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 06.3.2020ലെ ഉത്തരവ് നം.2707/18/DPC/DPO/KTM പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി യോഗം | 04-10-18 |
| വർക്കിങ്ങ് ഗ്രൂപ്പ് യോഗം | 10-10-18 |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 4-11-18 മുതൽ 23-11-18 വരെ |
| ഊരുകൂട്ടം /വയോജന/ഭിന്നശേഷി ഗ്രാമസഭ | 9-11-18 |

2019-20 ലെ വാർഷികപദ്ധതിയുടെ ആകെ അടങ്കൽ23,67,95,044/- രൂപയും ആകെ ചെലവ് 75740622/- രൂപയുമാണ്. ചെലവുശതമാനം 32%. സർക്കാർ ഉത്തരവ് നമ്പർ ഉത്തരവ് (സാധാ)990/2019/ത സ്വ. ഭ.വ തീയതി 15/3/2019 പ്രകാരം സ്പിൽ ഓവർപ്രോജക്ടുകൾക്കുൾപ്പെടെയുള്ള തുക ലഭിക്കുമെന്നതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് വാർഷികപദ്ധതിയിൽ വികസനഫണ്ടിൽ അധികതുക വകയിരുത്തിയിരുന്നു. പിന്നീട് ബജറ്റ് വകയിരുത്തലിനനുസൃതമായി വാർഷികപദ്ധതി അടങ്കലിൽ ഭേദഗതി വരുത്തിയുമില്ല. മേൽസാഹചര്യം വാർഷികപദ്ധതിക്കുവേണ്ടിയുള്ള വികസനഫണ്ടിന്റെ വകയിരുത്തൽ സംസ്ഥാന ബജറ്റ് പ്രകാരം അനുവദിച്ച തുകകളേക്കാൾ അധികമാകുന്നതിനിടയായി.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 5 | 1100000 | 774587 | 70 |
| വെറ്ററിനറി സർജൻ | 10 | 8 | 6885900 | 2038997 | 30 |
| എം.ഒ (പിഎച്ച്സി) | 5 | 4 | 2450000 | 643590 | 26 |
| എം.ഒ (ഹോമിയോ) | 2 | 1 | 225000 | 200000 | 89 |
| എം.ഒ (ആയുർവേദം) | 2 | 2 | 525000 | 515000 | 98 |
| വി ഇ ഒ | 20 | 15 | 89450281 | 25872663 | 29 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 11 | 7 | 9064223 | 5790333 | 64 |
| സെക്രട്ടറി | 61 | 33 | 27715933 | 12942531 | 47 |
| അസി.എൻജിനീയർ – എൽ.എസ്.ജി.ഡി | 273 | 102 | 95666282 | 24291305 | 25 |
| ഹെഡ്മാസ്റ്റർ | 3 | 3 | 580000 | 439344 | 76 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 1500000 | 1500000 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 11 | 7 | 1632425 | 732272 | 45 |
| ആകെ | 404 | 188 | 236795044 | 75740622 | 32 |

**വിനിയോഗലക്ഷ്യം കൈവരിച്ചില്ല- 4.5 കോടി രൂപ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു.**

നിർവ്വഹണ ഉദ്യോഗസ്ഥരുടെ അവലോകനയോഗങ്ങൾ ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്തിയിരുന്നുവെങ്കിലും വേണ്ടത്ര ഫലപ്രദമായില്ലായെന്ന് കാണുന്നു. പല നിർവ്വഹണ ഉദ്യോഗസ്ഥർക്കും പദ്ധതി നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിച്ചില്ല. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി തയ്യാറാക്കിയ 273 പ്രൊജക്ടുകളിൽ 102 എണ്ണം മാത്രമാണ് നടപ്പാക്കിയത്. വിഇഒ നിർവ്വഹണ ഉദ്യോഗസ്ഥനായി തയ്യാറാക്കിയ 20 പ്രോജക്ടുകളിൽ 15 എണ്ണം നടപ്പാക്കാൻ സാധിച്ചുവെങ്കിലും ലൈഫ് ഭവനപദ്ധതിയുമായി ബന്ധപ്പെട്ട ജില്ലാപഞ്ചായത്ത്, ബ്ളോക്ക് പഞ്ചായത്ത് വിഹിതങ്ങളും ചെലവഴിക്കാതിരുന്നത് മൂലം ആകെ ചെലവ് ശതമാനം വളരെ കുറഞ്ഞ് നിൽക്കുന്ന സാഹചര്യമാണ് (വിഇഒ ചെലവ് ശതമാനം 29%). ട്രഷറി നിയന്ത്രണങ്ങളും കോവിഡ് അനന്തര ലോക്ക്ഡൗണും അതിനെ തുടർന്നുള്ള നിയന്ത്രണങ്ങളും മൂലമാണ് തുക വിനിയോഗത്തിൽ കുറവ് സംഭവിച്ചതെന്ന് കരുതുന്നു. തൻവർഷം സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട സർക്കാർ ഗ്രാന്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|
| വികസന ഫണ്ട്-ജനറൽ | 10,304,489/- |
| വികസന ഫണ്ട്-എസ്.സി.പി. | 7,317,161/- |
| വികസന ഫണ്ട്- ടി.എസ്.പി. | 2,866,327/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) | 11,911,780/- |
| മെയിന്റനൻസ് ഗ്രാന്റ്-Road | 9,315,673/- |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 3,372,129/- |
| ആകെ | 4,50,87,559 |

സ്പിൽ ഓവർ പ്രോജക്ടുകൾക്കുള്ള ക്യാരി ഓവർ വിഹിതം തുടർന്ന് സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ലാത്തതിനാൽ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട 4.5 കോടി രൂപ ആത്യന്തികമായി ഗ്രാമപഞ്ചായത്തിന് നഷ്ടമായി. 4.5കോടിയിലധികം രൂപ തൻവർഷം ചെലവഴിക്കാനാവാതെ പാഴായി എന്നത് ഗ്രാമപഞ്ചായത്ത് ഗൗരവത്തോടെ വിലയിരുത്തേണ്ടതും ഭാവിയിൽ വിനിയോഗലക്ഷ്യം കൈവരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഭരണസമിതികളും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2019-20 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 23 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2019-20 വർഷം സാങ്കേതിക അനുമതി ലഭിച്ച 308 പ്രോജക്ടുകളിൽ 153 എണ്ണവും തൻവർഷം നടപ്പിലാക്കി. 70033 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 1156 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മഴക്കുഴി ,കയ്യാല നിർമ്മാണം,കൃഷിക്ക് നിലം ഒരുക്കൽ, വൃക്ഷത്തൈ നടീൽ എന്നിവയാണ് ഏറ്റെടുത്ത പ്രധാന വേലകൾ. MGNREGS ക്യാഷ്ബുക്ക് പ്രകാരമുള്ള 2019-20 വർഷത്തെ വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 74267.5 |
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 20404258 | 20408875 |
| | ക്യാഷ് വരവ്(ബാങ്ക് പലിശ ഉൾപ്പടെ) | 4617 | |
| ആകെ വരവ് | | | 20483142.5 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 19225744 | 20233637 |
| | വിദഗ്ധ തൊഴിലാളികളുടെവേതനം, സാധന വില | 649982 | |
| | ഭരണ ചെലവുകൾ | 357911 | |
| ആകെ ചെലവ് | | | 20233637 |
| നീക്കിയിരിപ്പ് | | | 249505.5 |

പഞ്ചായത്ത് വാർഷികകണക്കുമായി വരവുചെലവുകൾ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ വാർഷികകണക്ക് അവലോകനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-7 സാമൂഹ്യക്ഷേമ പദ്ധതികൾ

2019-20 വർഷം എരുമേലി ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ |
|---|---|---|

| | | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 25,440/- | 24 |
| വാർദ്ധക്യകാലപെൻഷൻ | 10,052,400/- | 2856 |
| കർഷകതൊഴിലാളി പെൻഷൻ | 780,600/- | 223 |
| വിധവാപെൻഷൻ | 4,143,000/- | 1190 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 135,000/- | 43 |
| വികലാംഗപെൻഷൻ | 1,882,900/- | 556 |
| വിവാഹ ധനസഹായം | 30,000/- | 1 |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 100 തൊഴിൽ ദിനങ്ങൾ പൂർത്തീകരിച്ചവർക്ക് 1,000/- രൂപ വീതം ഇൻസെന്റീവ് നൽകിയിട്ടുണ്ട്. 2019-20 വർഷം ഈയിനത്തിൽ 3.47 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്(കണക്ക് ശീർഷകം 160100399).

## 1-8 ക്യാഷ്ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് എരുമേലി ഗ്രാമപഞ്ചായത്തിന്റെ ക്യാഷ് ബാലൻസ് പരിശോധന 11/10/2021-ന് 03:20 PM സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 12,658/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിലെ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചെലവുകളുടെ നിയമസാധുത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലർക്കിനെയും ഉപരിപരിശോധനയ്ക്ക് അക്കൗണ്ടന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാർ സ്ഥലം മാറിപ്പോവുന്ന സന്ദർഭങ്ങളിൽ ഓഫീസ് ഓർഡർ പ്രകാരം ചുമതലാകൈമാറ്റം നടത്തുന്നുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്. . നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനഓഡിറ്റ് നടത്തിയതീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പർ/ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27/11/2019 | 10/2019 | A10-162/2019 |
| അക്കൗണ്ടന്റ്-ജനറലിന്റെ ഓഡിറ്റ് | 17/06/2017-01/07/2017 | 2014-15 മുതൽ 2016-17 വരെ | LBA(HQ)II/8A-2647/330 Dated 16/02/2018 |

## 1-11 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (1), (I) (ii) (iii) പ്രകാരം ഒരു വ്യക്തി ഒരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്യുമ്പോഴും ഒരു കമ്പനി അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുമ്പോഴും ഒരുവ്യക്തി തൊഴിൽ, കല, ബിസിനസ്സ്, ജോലി എന്നിവയിലേതെങ്കിലും ഏർപ്പെടുമ്പോഴും വ്യക്തിക്ക് മുതൽ മുടക്കുകളിൽ നിന്ന് ആദായം ലഭിക്കുമ്പോഴും തൊഴിൽ നികുതിക്ക് വിധേയമാകുന്നതാണ്. ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ 2019-20

വർഷം ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി / സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമനം. | സ്ഥാപനത്തിന്റെ പേര് | സ്ഥാപന തൊഴിൽ നികുതി ഈടാക്കാനുള്ള അർദ്ധ വർഷം | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാനുള്ള അർദ്ധ വർഷം |
|---|---|---|---|
| 1 | യൂണിയൻ ബാങ്ക് | 2 | |
| 2 | സൗത്ത് ഇന്ത്യൻ ബാങ്ക് | 2 | |
| 3 | കുടക്കവല്ലി എസ്റ്റേറ്റ് | 2 | |
| 4 | കണ്ണിമല എസ്.സി.ബി | | 2 |
| 5 | മേമന ചിറ്റ്സ് & ഫിനാൻസിയേഴ്സ് | 2 | 2 |
| 6 | ഏയ്ഞ്ചൽ ഫിനാൻസ് | 1,2 | 1,2 |
| 7 | ടി.ബി ബാങ്കേഴ്സ് | 1,2 | 1 |
| 8 | സാന്തോം പബ്ലിക് സ്കൂൾ | 1,2 | 1 |
| 9 | സെന്റ് മേരീസ് കോൺവെന്റ് സ്കൂൾ | 1,2 | |
| 10 | പുലിക്കോട്ട് ക്രെഡിറ്റ് & ഇൻവെസ്റ്റ്മെന്റ്സ് | 1 | 1 |
| 11 | മീനച്ചിൽ ഈസ്റ്റ് അർബൻ കോ ഓപ്പറേറ്റീവ് ബാങ്ക്, മുക്കൂട്ടുതറ | | 1 |
| 12 | മുത്തൂറ്റ് മൈക്രോ ഫിൻ ലിമി. | 1,2 | |
| 13 | മിനി മുത്തൂറ്റി നിധി കെ | | 1,2 |
| 14 | ദേവസ്വം ബോർഡ് | | 1,2 |

ടി സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ,സ്ഥാപന തൊഴിൽ നികുതി ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

**<u>1-12 വാഹനലേലത്തിൽ നടപടിക്രമങ്ങളിൽ അപാകത-പുനർലേലം നടത്തിയിട്ടില്ല</u>**

ഗ്രാമപഞ്ചായത്തിലെ മഹീന്ദ്രാ ലോഡ് കിംഗ് ടിപ്പർ ലോറി KL34A-1592 21/05/2019ൽ നടന്ന ലേലത്തിൽ 194000/-രൂപയ്ക്ക് ലേലം ഉറപ്പിച്ച ഹാരിസ്, വാഴമറ്റം എന്നയാൾ 10,000/- രൂപ മാത്രം അടവാക്കി ബാക്കി തുക അടവാക്കാത്തതിനാൽ ടിയാൾക്ക് ലേലം സ്ഥിരപ്പെടുത്തി നൽകിയിട്ടില്ല. വാഹനത്തിന്റെ മതിപ്പുവില 190000/-രൂപയായി നിർണ്ണയിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക്

ലഭ്യമാക്കിയിരുന്നില്ല. 190,000/-രൂപ മതിപ്പുവില നിശ്ചയിച്ചിട്ടുള്ള വാഹനത്തിന്റെ ലേലം 150,000/-രൂപയ്ക്ക് ആരംഭിച്ചത് ശരിയായ നടപടിയല്ല. വാല്യുവേഷൻ തുക ബേസ് റേറ്റായി കണക്കാക്കി വേണമായിരുന്നു ലേലം ആരംഭിക്കേണ്ടിയിരുന്നത്. കൂടാതെ നാളിതുവരെ വാഹനം പുനർലേലം നടത്താത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി(നം.5/20.10.2021)യ്ക്ക് മറുപടിയായി നിശ്ചയിച്ച അടിസ്ഥാനവിലയായ 190,000/- രൂപയ്ക്ക് ലേലം വിളി ആരംഭിയ്ക്കാൻ ലേലത്തിൽ പങ്കെടുത്തവർ തയ്യാറാകാത്തതിനാലാണ് 150,000/-രൂപയ്ക്ക് ലേലം വിളി ആരംഭിച്ചതെന്നുള്ള മറുപടി അംഗീകരിക്കാവുന്നതല്ല. ,ടി വിഷയം അടിയന്തിരമായി പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി പുനർലേലം നടത്തുന്നതാണെന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്. രണ്ട് വർഷത്തോളം ഉപയോഗശൂന്യമായി കിടന്ന വാഹനത്തിന് പുനർ മൂല്യനിർണ്ണയം നടത്തേണ്ടതുണ്ട്. വാഹനം എത്രയും പെട്ടെന്ന് പുനർലേലം നടത്തി തുക തനത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

## 1-13 വെള്ളക്കരം സംയുക്ത പരിശോധന നടത്തിയിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുള്ള 101 കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം 44188/-രൂപ വീതം ജലഅതോറിറ്റിയുടെ ഡിമാൻഡ് നോട്ടീസ് പ്രകാരം പഞ്ചായത്ത് ഒടുക്കുന്നുണ്ട്. സംയുക്ത പരിശോധന നടത്താത്തതിനാൽ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് ഗ്രാമ പഞ്ചായത്തിന് കൃത്യമായ കണക്കില്ല. ആയതിനാൽ ഉപയോഗിക്കുന്ന ജലത്തിന് ആനുപാതികമായി തുക ഒടുക്കുന്നത് സംബന്ധിച്ച് കൃത്യത നിർണ്ണയിക്കാൻ സാധിച്ചിട്ടില്ല.സംയുക്ത പരിശോധന നടത്തുന്നത് സംബന്ധിച്ച് വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നൽകിയിരുന്നുവെങ്കിലും(നം.എ2-5153/16 തീ 15/01/2018) നാളിതുവരെ സംയുക്ത പരിശോധന നടത്തിയതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ ജലഅതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി പ്രവർത്തന ക്ഷമമായ ടാപ്പുകൾക്ക് മാത്രമാണ് തുക ഒടുക്കുന്നതെന്ന് ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.3/16.10.21) മറുപടിയായി അടിയന്തിരമായി സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ പൊതുടാപ്പുകൾ കണ്ടെത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-14 സസ് പെൻഷൻ കാലയളവിൽ 180 ദിവസത്തിനുശേഷവും വീട്ടുവാടക ബത്ത അനുവദിച്ചിരിക്കുന്നു

വൗച്ചർ നം. 2190091/19.11.19

തുക -224378/-രൂപ ചെക്ക് നം.983318/19.11.19

മേൽ വൗച്ചർ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും സസ് പെൻഡ് ചെയ്ത ക്ലാർക്ക് സാംകുട്ടി.സി.ലാസിന് 10/18മുതൽ 8/19 വരെയുള്ള 11 മാസക്കാലയളവിലേയ്ക്ക് ഉപജീവനബത്ത നൽകിയിട്ടുണ്ട്. കെ.എസ്.ആർ.ഭാഗം 1 54മുതൽ 59 വരെയുള്ള ചട്ടങ്ങൾ പ്രകാരം സസ്പെൻഷൻ കാലയളവിൽ വീട്ട് വാടക ബത്ത, സിറ്റി കോമ്പൻസേറ്ററി ബത്ത തുടങ്ങിയ നഷ്ടപരിഹാര ബത്തകൾ 180 ദിവസം വരെ ഉപജീവനബത്തയോടൊപ്പം അനുവദിക്കാവുന്നതാണ്. കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ എവിഎസ്1.2704/11 തീ 16.3.2015 ഉത്തരവ് പ്രകാരം സസ്പെൻഡ് ചെയ്ത ശ്രീ.സാംകുട്ടിയ്ക്ക് 16.3.15 മുതൽ 31.12.2016 വരെയുള്ള കാലയളവിൽ ടിയാന് ഉപജീവന ബത്ത നൽകിയിട്ടുണ്ട്. (290488/- രൂപ, ചെക്ക് നം.9969441/9.2.17)

സസ്പെൻഷൻ കാലയളവിലെ ഉപജീവന ബത്ത നൽകിയപ്പോൾ 150/-രൂപ നിരക്കിൽ 11 മാസക്കാലയളവിലെ വീട്ടുവാടക ബത്തയിനത്തിൽ 1650/- രൂപ നൽകിയിട്ടുണ്ട്. സർക്കാർ അനുവദിച്ച നൽകിയ കാലയളവിന് ശേഷവും വീട്ടുവാടക ബത്ത അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.6) മറുപടിയായി വീട്ടുവാടകയിനത്തിൽ നൽകിയ തുക തിരികെ ഒടുക്കുന്നതിനായി ശ്രീ സാംകുട്ടിയ്ക്ക് കത്ത്

നൽകിട്ടുണ്ടെന്നും, ടിയാൻ തുക ഒടുക്കുന്ന മുറയ്ക്ക് ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-15 ഗ്രാമലക്ഷ്മിമുദ്രാലയത്തിൽ നിന്നും രജിസ്റ്ററുകളും ഫാറങ്ങളും ലഭിക്കാനവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിലെ 7.9.2019 ലെ 21900832-ാം നമ്പർ വൗച്ചർ പ്രകാരം 165465/-രൂപ രജിസ്റ്ററുകളും ഫാറങ്ങളും വാങ്ങുന്നതിന് ഗ്രാമലക്ഷ്മി മുദ്രാലയത്തിന് നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നുള്ള 20.9.2019 ലെ PGT / GSTINV/1212/2019-20 ാം നമ്പർ ഇൻവോയിസ് പ്രകാരം 145830/- രൂപയുടെ രജിസ്റ്ററുകളും ഫാറങ്ങളും മാത്രമാണ് ലഭിച്ചിട്ടുള്ളത് . 19635/- രൂപയുടെ രജിസ്റ്ററുകളും ഫാറങ്ങളും ലഭിക്കാൻ അവശേഷിക്കുന്നു. ലഭിച്ച രജിസ്റ്ററുകളും ഫാറങ്ങളും സ്റ്റോക്കിൽ ചേർത്തതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതും, 19635/- രൂപയുടെ രജിസ്റ്ററുകളും ഫാറങ്ങളും ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2) മറുപടി ഹാജരാക്കിയിട്ടില്ല. ആയതിനാൽ 19635/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-16 ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും)ചട്ടങ്ങൾ പ്രകാരം എരുമേലി ഗ്രാമപഞ്ചായത്തിൽ നാളിതുവരെ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല. പ്രസ്തുത ചട്ടങ്ങൾ ചട്ടം(3) പ്രകാരം പേമാരി, വെള്ള പൊക്കം, പ്രകൃതി ക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവമൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം ഗ്രാമപഞ്ചായത്തിന്റെ മറ്റു ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. 2003ലെ കേരള പഞ്ചായത്ത് രാജ്(ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരമുള്ള ദുരിതാശ്വാസ നിധി രൂപീകരിച്ച് അർഹതപ്പെട്ടവർക്ക് ധനസഹായം നൽകാൻ വേണ്ട നടപടികൾ ഗ്രാമപഞ്ചായത്ത് കമ്മിറ്റി കൈക്കൊള്ളേണ്ടതാണ്.

## 1-17 വിവിധ കമ്മറ്റി തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ അലംഭാവം

2019-20 വർഷം ഗ്രാമപഞ്ചായത്തിലെ വിവിധ കമ്മറ്റിയോഗങ്ങളിൽ എടുത്ത ചുവടെ പറയുന്ന തീരുമാനങ്ങൾ നടപ്പാക്കിയിട്ടില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കമ്മറ്റി തീരുമാനം നം | തീരുമാനം |
|---|---|
| 11(1) Dt 23-7-19 | അറവ്ശാല ലേലം ചെയ്യുന്നതിന് കരട് ബൈലോ ഉണ്ടാക്കുന്നതിന് തീരുമാനം |
| 12(1) Dt 23-7-19 | കവുങ്ങും കുഴിയിലെ ജൈവവളം -വില നിശ്ചയിക്കുന്നതിന് തീരുമാനം |
| 3(2) Dt 26-11-19 | ആനിക്കുഴി പഞ്ചായത്ത് വക സ്ഥലത്ത് തോട്ടിൽ വീണുകിടക്കുന്ന ആഞ്ഞിലിമരം- ലേലം ചെയ്യാൻ വാല്യുവേഷൻ എടുക്കാൻ തീരുമാനം |
| 5(1)Dt 23-10-20 | മൂന്ന് പ്ലാവ് മരങ്ങളുടെ വാല്യുവേഷൻ ലഭിച്ചിരുന്നു. ലേലം ചെയ്യുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനം |

മേൽപറഞ്ഞ കമ്മറ്റി തീരുമാനങ്ങൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിററ് എൻക്വയറിയ്ക്ക് (നം16) മറുപടി ലഭ്യമായിരുന്നില്ല. കമ്മറ്റി തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിൽ വീഴ്ച വരുത്തുന്നത് ഗുരുതരമായ കൃത്യവിലോപമാണ്. മേൽപറഞ്ഞവ നടപ്പാക്കാതിരിക്കുന്നത് മൂലം പഞ്ചായത്ത് ഫണ്ടിനുണ്ടാകുന്ന നഷ്ടത്തിന് സെക്രട്ടറി ഉത്തരവാദിയാകുന്നതാണ്. കമ്മറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിൽ ജാഗ്രത പുലർത്തേണ്ടതാണ്.

**<u>1-18 തെരുവുവിളക്ക് ഉപകരണങ്ങൾ വാങ്ങൽ- ബില്ലിൽ നിന്നും ജിഎസ് ടി ഈടാക്കിയിട്ടില്ല</u>**

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രൊ.നം 13/20 ശബരിമല- തെരുവുവിളക്ക് ഉപകരണങ്ങൾ വാങ്ങലും റിപ്പയറിങ്ങും എന്ന പ്രൊജക്ടിന്റെ ഭാഗമായി 414706/- രൂപ ചെലവഴിച്ച് ബൾബ്, ഹോൾഡർ എന്നിവ ഉൾപ്പടെയുള്ള ഇലക്ട്രിക് ഉപകരണങ്ങൾ യുണൈറ്റഡ് ഇലക്ട്രിക്കൽസ് ലിമിറ്റഡ്, കൊല്ലം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിരുന്നു. എന്നാൽ ബിൽതുക നൽകിയതിൽ നിന്നും സ്രോതസിൽ നിന്നും ഈടാക്കേണ്ട 2% ജിഎസ് ടി ഈടാക്കിയിരുന്നില്ല. പ്രസ്തുത വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം9) മറുപടിയായി ടി സ്ഥാപനത്തിന് നൽകാനുള്ള ബിൽ തുകയിൽ നിന്നും ജിഎസ് ടി ഈടാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. ജിഎസ് ടി ഇനത്തിൽ ഈടാക്കേണ്ട തുകയായ 8294/-രൂപ (414706/-X2%) യുണൈറ്റഡ് ഇലക്ട്രിക്കൽസ് ലിമിറ്റഡിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**<u>1-19 വിവിധ നിക്ഷേപ പ്രവൃത്തികൾ- വിനിയോഗസാക്ഷ്യപത്രം ലഭിച്ചിരുന്നില്ല</u>**

വിവിധ പ്രൊജക്റ്റ് പ്രകാരം വിവിധ ഏജൻസികളിൽ തുക നിക്ഷേപിച്ചിരുന്നുവെങ്കിലും വിനിയോഗസാക്ഷ്യപത്രം ലഭിക്കാത്തവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പ്രൊ.നം &പേര് | നിക്ഷേപിച്ച തുക | നിക്ഷേപിച്ച ഏജൻസി |
|---|---|---|
| 231/20 കാർഷിക വിജ്ഞാന വിപണനകേന്ദ്രത്തിലേക്ക് സൗണ്ട് സിസ്റ്റം വാങ്ങൽ | 85,292/- (ബിൽ നം. 45/20.12.19) | PWD ഇലക്ട്രോണിക്സ് വിഭാഗം , കോട്ടയം |
| 2/20 SSA | 17,30,000/- (ബിൽ നം. 28/06.09.19) | District Project Officer, SSK |
| 458/20 എരുത്വാപുഴ ട്രൈബൽ കോളനി സ്ട്രീറ്റ് മെയിൻ വലിക്കൽ | 96,509/- (ചെക്ക് നം. 53661/04.03.20) | KSEB, ഇലക്ട്രിക്കൽ സെക്ഷൻ, എരുമേലി |
| 120/20 തെരുവുവിളക്കുകൾക്ക് സ്ട്രീറ്റ് ലൈൻ വലിക്കൽ | 13,45,534 (ബിൽ നം. 21/16.08.19 25/30.09.19 42/25.11.19 46/20.12.19) | KSEB, ഇലക്ട്രിക്കൽ സെക്ഷൻ, എരുമേലി |
| 400/20 വിവിധവാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി | 148,149 (ചെക്ക് നം. | KSEB, ഇലക്ട്രിക്കൽ |

| | | |
|---|---|---|
| സ്ഥാപിക്കൽ | 23460/16.08.19 53479/20.12.19) | സെക്ഷൻ, എരുമേലി |
| 250/20 6,7,11,13,16,17,18,20,22,23 വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 3,17,731/- (ബിൽ നം. 32/10.10.19 | KSEB, ഇലക്ട്രിക്കൽ സെക്ഷൻ, എരുമേലി |
| ആകെ | 3723215 | |

നിക്ഷേപം നടത്തിയ സ്ഥാപനങ്ങളുമായി ഗ്രാമപഞ്ചായത്ത് കരാറിലേർപ്പെട്ടിരുന്നില്ല. പ്രസ്തുത പ്രൊജക്ടുകളുടെ നിർവ്വഹണം നടത്തിയതിന്റെ മോണിറ്ററിങ്ങ് റിപ്പോർട്ട് ലഭ്യമായിരുന്നില്ല. നിക്ഷേപപ്രവർത്തികളുടെ വിനിയോഗസാക്ഷ്യപത്രം മോണിറ്ററിങ്ങ് റിപ്പോർട്ട് സഹിതം ഹാജരാക്കുന്നത് വരെ ഈയിനത്തിൽ ചെലവഴിച്ച 3723215 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 റോഡ് റീ ടാറിംഗ് പ്രവൃത്തികൾ- കാലിബാരലിന്റെ വില ഈടാക്കിയില്ല

2019-20 വർഷം നിർവ്വഹണം നടത്തിയ താഴെ പറയുന്ന റോഡ് റീ ടാറിംഗ് പ്രവൃത്തികളുടെ ബിൽ തയ്യാറാക്കിയപ്പോൾ കാലി ബാരലുകളുടെ വില ഈടാക്കിയതായി കാണുന്നില്ല.

| ക്രമ.നം | പ്രോജക്ട് | കരാറുകാരൻ | ബാരലിന്റെ എണ്ണം | ഫണ്ടിനം, ആകെ ചെലവ്, ബിൽ നം | ഈടാക്കേണ്ട തുക (@238+18% ജി.എസ്.ടി) |
|---|---|---|---|---|---|
| 1 | 329/20- ആലുംമൂട് കരിമ്പുകയം റോഡ് റീടാറിംഗ്, | ആന്റോ ജോബ് | 19 | മെയിന്റനൻസ് ഫണ്ട് (റോഡ്) 399210, 31/12.7.19 | 4522+814 -5336 |
| 2 | 330/20 ചേനപ്പാടി ഇടയാറ്റുകാവ് കരിമ്പുകയം റോഡ് റീടാറിംഗ് | ആന്റോ ജോബ് | 15 | മെയിന്റനൻസ് ഫണ്ട് (റോഡ്), 339594 30/12.7.19 | 3570+623 - 4213 |
| | ആകെ | | | | 8022+1437 - 9459 |

ആയതിനാൽ 9459 /- രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കി നിശ്ചിത ശീർഷകത്തിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-21 കാലിത്തീറ്റ വിതരണം-കേരള ഫീഡ്സിൽ കുടിശിക നിലനില്ക്കുന്നു

2019-20 ൽ 43/20 നമ്പരായി ആസൂത്രണം ചെയ്ത കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം എന്ന പ്രോജക്ടിനായി ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | തുക | ബിൽ നം തീ/ചെക്ക് നമ്പർ |
|---|---|---|
| വികസനഫണ്ട് | 225960 | 13/19-20 തീ 3-3-20 |
| വികസനഫണ്ട് | 229995 | 14/19-20 തീ 3-3-20 |
| വികസനഫണ്ട് | 122395 | 9/19-20 തീ 31-1-20 |
| ഗുണ.വിഹിതം | 578350 | ഗുണ. വിഹിതം |
| | | |

| | | |
|---|---|---|
| ആകെ | 1156700 | |

തൻവർഷം 860 ചാക്കിന് 1345 രൂപ വീതം 1156700/- രൂപയാണ് കേരള ഫീഡ്സ് ലിമിറ്റഡിൽ നല്കിയിട്ടുള്ളത്. കേരള ഫീഡ്സ് 21/4/2020 ൽ അയച്ച കത്തിനൊപ്പം നല്കിയ ലഡ്ജർ അക്കൗണ്ട് പ്രകാരം 31/3/2020 ൽ 127320 രൂപ കുടിശികയുള്ളതായും ആയത് അടിയന്തിരമായി അടക്കണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു. അടവാക്കിയ തുകക്ക് മാത്രം കാലിത്തീറ്റ വാങ്ങുന്ന രീതി തുടർന്നു വരുന്നതിനാൽ ഇത്തരത്തിലുള്ള അപാകതക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മുൻവർഷങ്ങളിൽ വന്ന കുടിശ്ശികയാണെന്നും തിരിച്ചടയ്ക്കാൻ പ്രോജക്ട് വച്ചിട്ടുണ്ടെന്നും മറുപടി നല്കി. വകയിരുത്തിയ ഫണ്ടിന് മാത്രമാണ് ചെലവ് നടക്കുന്നത് എന്ന് നിർവഹണ ഉദ്യോഗസ്ഥനും ഭരണസമിതിയും ഉറപ്പുവരുത്തേണ്ടതാണ്.

### 1-22 ആശ്രയ പദ്ധതി -വികസനഫണ്ട് -പ്രൊജക്റ്റ് പ്രകാരമുള്ള പ്രവർത്തനങ്ങൾക്ക് വിനിയോഗിച്ചില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പ്രൊ.നം 40/20 ആശ്രയ പദ്ധതി എന്ന പ്രൊജക്റ്റ് പ്രകാരം വികസനഫണ്ട് 173000/- രൂപയും തനത്ഫണ്ട് 127000/-രൂപയുമുൾപ്പടെ 3 ലക്ഷം രൂപ കുടുംബശ്രീയുടെ ഗ്രാമീൺബാങ്കിലുള്ള A/C 40601101037463ൽ നിക്ഷേപിച്ചിരുന്നു. 1 ലക്ഷം രൂപ വീട്ടുപകരണങ്ങൾക്കും 2 ലക്ഷം രൂപ കക്കൂസ് നിർമ്മാണത്തിനും ഉദ്ദേശിച്ചിരുന്നു. എന്നാൽ ടി തുക പ്രസ്തുത ആവശ്യത്തിന് വിനിയോഗിച്ചില്ലായെന്ന് കാണുന്നു. വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10/25.10.21) മറുപടി ലഭ്യമാക്കിയില്ല. വികസനഫണ്ട് പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്ന നടപടി ക്രമപ്രകാരമല്ല. പ്രൊജക്റ്റ് പ്രകാരമുള്ള ഇനങ്ങൾക്ക് തുക ചെലവഴിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

എരുമേലി ഗ്രാമപഞ്ചായത്തിന്റെ 2019-20 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 19/05/2020-ലെ 9/1 നം. തീരുമാന പ്രകാരം അംഗീകരിച്ച് എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായി ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 13/10/2021-ൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2020-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2019-20 ൽ സംയുക്ത പ്രോജക്ടിനായി കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം ജില്ലാ പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ചതിന് ഫണ്ടിന്റെ വിനിയോഗം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് പ്രോജക്ട് തിരിച്ച് ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, കാഞ്ഞിരപ്പള്ളി | 2019-20 | 500,000/- | പാലിയേറ്റീവ് കെയർ(148/20) | 50,000/- | 450000 |
| | 2019-20 | 1,932,880/- | ലൈഫ് പദ്ധതി-(പൊതുവിഭാഗം)(65/20) | 1,932,880/- | /- |
| | 2019-20 | 400,000/- | അംഗൻവാടി പോഷകാഹാരം(5/20) | 300,000/- | 100000 |
| | 2019-20 | 248,786/- | ശാരീരിക മാനസികവൈകല്യമുള്ളവർക്ക് സ്കോളർഷിപ്പ്(6/20) | 248,786/- | 0 |
| | 2019-20 | 500,000/- | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (51/20) | 500,000/- | 0 |
| | 2019-20 | 100,000/- | പാലമറ്റം പടി കുരുവിക്കാട്ടുപടി റോഡ്, വാർഡ്-5(229/20) | 86,313/- | 13,687/- |
| **3681666** | **ആകെ ബ്ലോക്ക് പഞ്ചായത്ത് വിഹിതം** | | | **3,117979-** | **563687/-** |
| ജില്ല പഞ്ചായത്ത് കോട്ടയം | 2019-20 | 2,079,984/- | ലൈഫ് പദ്ധതി-(പൊതുവിഭാഗം)(65/20) | 2,079,984/- | 0 |
| | - | 1,311,749/- | ഭലൈഫ് പദ്ധതി-എസ്.സി.പി.(172/20) | 4,706/- | 1,307,043/- |
| | 2019-20 | 332,500/- | ശാരീരിക മാനസികവൈകല്യമുള്ളവർക്ക് സ്കോളർഷിപ്പ്(6/20) | 332,500/- | 0 |
| | **ആകെ ജില്ലാ പഞ്ചായത്ത് വിഹിതം** | | | **2,417,190/-** | **1,307,043/-** |

സംയുക്ത പ്രോജക്ടുകൾക്ക് ലഭിക്കുന്ന ഫണ്ടിന്റെ വിനിമയം നിരീക്ഷിക്കുന്നതിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ(എ.സി.ആർ.) കൃത്യമായി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. കൃത്യമായ അനുബന്ധരേഖകളുടെ അഭാവത്തിൽ സംയുക്ത പ്രോജക്ട് ഫണ്ടിന്റെ വിനിയോഗത്തിന്റെ ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകളുടെ കൃത്യത വ്യക്തമല്ല. ഓരോ ഗ്രാന്റ്/വിഹിതം ശീർഷകത്തിലും അക്കൗണ്ട് ചെയ്യുന്ന ഫണ്ടിന് എ.സി.ആർ. കൃത്യമായി സൂക്ഷിക്കേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തെയും കണക്കുകളുടെ സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2019-20 വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് കെ.എസ്.ഇ.ബി.-യിലും PWD-യിലും കോസ്റ്റ്ഫോർഡിലും ഡെപോസിറ്റ് ചെയ്തിട്ടുണ്ട്. സുലേഖ ചെലവ് പത്രിക പ്രകാരം മുൻകൂർ നൽകിയിട്ടുള്ള തുകകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്(പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി. | തെരുവ് വിളക്കുകൾക്ക് സ്ട്രീറ്റ് ലൈൻ വലിക്കൽ (120/20) | 1,345,534/- | 0 | 1,345,534/- |
| കെ.എസ്.ഇ.ബി. | 6,7,11,13,16,17,18,20,22,23 വാർഡുകളിൽ തെരുവ് വിളക്കുകൾക്ക് സ്ട്രീറ്റ് ലൈൻ വലിക്കൽ(250/20) | 317,731/- | 0 | 317,731/- |
| കെ.എസ്.ഇ.ബി. | വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ(261/20) | 148,149/- | 0 | 148,149/- |
| കെ.എസ്.ഇ.ബി. | എടത്വാപുഴ ട്രൈബൽ കോളനിയിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ(458/20) | 96,509/- | 0 | 96,509/- |
| കെ.എസ്.ഇ.ബി. | എസ്. സി. കോളനി റോഡ് വൈദ്യുതീകരിക്കൽ വാർഡ്-17 | 173,919/- | 0 | 173,919/- |
| | **ആകെ കെ.എസ്.ഇ.ബി.-യിൽ** | **2,081,842/-** | **0** | **2,081,842/-** |
| PWD ഇല്ക്ട്രോണിക്സ് വിങ്ങ് | കാർഷിക വിജ്ഞാന വിപണന കേന്ദ്രത്തിലേക്ക് സൌണ്ട് സിസ്റ്റം വാങ്ങൽ(231/20) | 85,292/- | 0 | 85,292/- |
| COSTFORD | കവുങ്ങുംകുഴി പ്ലാന്റിൽ എൽ.പി.ജി. ശ്മശാനം (259/20) | 1,816,100/- | 0 | 1,816,100/- |

പ്രോജക്ട് നം.259/20 പ്രകാരം COSTFORD-ൽ മുൻകൂറായി നൽകിയ തുക 1,816,100/- രൂപ നിക്ഷേപ ശീർഷകത്തിൽ അക്കൌണ്ട് ചെയ്തിട്ടില്ല എന്ന് റിസീറ്റ് & പേമെന്റ് പത്രിക RP-7 ൽ നിന്നും വ്യക്തമാകുന്നു. ഡെപോസിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. 31/03/2020 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള B-18 ഷെഡ്യൂൾ എല്ലാ ശീർഷകങ്ങളിലെ ഇടപാടുകളും, മുന്നിരിപ്പും ഡെപ്പോസിറ്റ് രജിസ്റ്ററിൽ ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

2019-20 ധനകാര്യ പത്രിക പ്രകാരം തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

2019-20 വർഷം പഞ്ചായത്തിന് വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ(KURDFC) | ജിഒ (എം.എസ്) 68/2018/ തസ്വഭവ/18.5.2018 | 19,039,464/- | 0 | 1,823,529/- | - | 17,215,935/- |

സെക്രട്ടറിയുടെ 407/20, 442/20 നം. പ്രോജക്റ്റുകൾ പ്രകാരം വികസന ഫണ്ടിൽ(General) നിന്നും 1,485,294/- രൂപയും 408/20, 443/20 നം. പ്രോജക്റ്റുകൾ പ്രകാരം വികസന ഫണ്ടിൽ(SCP) യിൽ 264,706/- രൂപയും 409/20,444/20 നം. പ്രോജക്റ്റുകൾ പ്രകാരം വികസന ഫണ്ടിൽ(TSP) യിൽ 73,529/- രൂപയും എന്നിങ്ങനെ ആകെ 1,823,529/- രൂപ വികസന ഫണ്ട് അലോട്ട്മെന്റിൽ ക്രമീകരിച്ചാണ് വായ്പ തിരിച്ചടവ് നടത്തിയത്. വായ്പ രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. വായ്പ രജിസ്റ്റർ തയ്യാറാക്കി ഓരോ സാമ്പത്തിക വർഷത്തെയും സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

2019-20 ധനകാര്യ പത്രിക പ്രകാരം സ്ഥിരനിക്ഷേപമിനത്തിൽ തുകയൊന്നും നിക്ഷേപിച്ചിട്ടില്ല. 31/03/2020 ലെ ബാലൻസ് ഷീറ്റ് പ്രകാരം സ്ഥിരനിക്ഷേപം ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

2019-20 വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ 3,200/- രൂപ വരവുണ്ട്. 280800101-Prior Period-Establishment Expenses ശീർഷകത്തിലാണ് അക്കൌണ്ട് ചെയ്തിരിക്കുന്നത്.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത് നം./തീയതി |
|---|---|---|---|---|
| 2017-18 | 3-4 | 3,200/- | ബഷീർ എൻ.എ., നെല്ലിത്താനം | 119020101873/25.06.2019 |

പഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് വർഷം, ഖണ്ഡിക, തുക ഒടുക്കിയ ഉദ്യോഗസ്ഥൻ/വ്യക്തി, ഉദ്യോഗപ്പേര്, വിലാസം, വരവ് ഇനം, രസീത് നം. ,തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തെയും കണക്കുകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

എരുമേലി ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട

ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14 | - | 2014-15 | 4-1-12 | ആധുനിക അറവുശാല നിർമ്മാണം പൂർത്തീകരിച്ചില്ല | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2012-13 | - | 2014-15 | 4-1-6 (A) | കാർഷിക വിജ്ഞാന കേന്ദ്രം-പണി പൂർത്തീകരിച്ചില്ല | |
| 1997-98 | 28 | 1999 | 3-14(B) | 2.5 ലക്ഷം രൂപയുടെ തിരിച്ചടവ് അവ്യക്തം | |
| 1997-98 | 28 | 1999 | 3-14(A) | സെക്രട്ടറി സ്വന്തം നിലയിൽ പണം നൽകിയത്ക്രമവിരുദ്ധം | |
| 1999-00മുതൽ 2001-02 വരെ | 2-20 | 2004-05 | 2(3) | ജനകീയാസൂത്രണം അവലോകനം തയ്യൽ റെഡിമെയ്ഡ് യൂണിറ്റ് ഇപ്പോൾ പ്രവർത്തിക്കുന്നില്ല-895166 രൂപയുടെ ചെലവ് | |
| 1997-98 | 1-(ബി) | 1999-2000 | 4 | ജനകീയാസൂത്രണ പദ്ധതി | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | : | 152,537,666/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 99,944,883/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3,742,850/- |

### (ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

### ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക-നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 19,635/- | കെ. റ്റി. ഷാജി, സെക്രട്ടറി |
| 1-19 | 3,723,215/- | കെ. റ്റി. ഷാജി, സെക്രട്ടറി |
| | | |

| ആകെ | 3,742,850/- |
|---|---|

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഖണ്ഡിക 1-18 പ്രകാരം SGST-4,147/- CGST-4,147/-

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 31/10/2021 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1990-91,1991-92 | എൽ.എഫ്.കെ.പി-4/895/96/ 09.04.1997/15.09.1997 | - |
| 1996-97 (ചെലവ്) | എൽ.എഫ്.കെ.പി-3/382/98/ 19.08.1998/26.02.1999 | - |
| 1997-98(ചെലവ്) | എൽ.എഫ്.കെ.പി-4/364/08/ 21.10.2009/15.12.2009 | - |
| 1997-98(വരവ്) | എൽ.എഫ്.കെ.പി8-333/04/ 05.06.2004 | - |
| 1998-99 | കെ.എസ്.എ.-കെ.ടി.എം.പി11(അദാ-2018)/205(1)/2018/08.03.2018 | 04 |
| 2001-02 | കെ.എസ്.എ.-കെ.ടി.എം.പി11(അദാ-2018)/205(2)/2018/02.02.2018 | 04 |
| 2002-03(ചെലവ്) | കെ.എസ്.എ.-കെ.ടി.എം.പി11(അദാ-2018)/205(3)/2018/21.03.2018 | 07 |
| 2002-03(വരവ്) | എൽ.എഫ്.കെ.പി9-368/08/ 08.03.2010 | - |
| 2003-04 | കെ.എസ്.എ.-കെ.ടി.എം.പി11(അദാ-2018)/205(4)/2018/02.02.2018 | 05 |
| 2004-05 | എൽ.എഫ്.കെ.പി13/677/11/ 09.12.2011 | - |
| 2005-06 | എൽ.എഫ്.കെ.പി9/793/10/08.04.2011/16.07.2011 | - |
| 2006-07 | എൽ.എഫ്.കെ.പി13/794/10/ 01.08.2012/07.08.2012 | - |
| 2007-08 | എൽ.എഫ്.കെ.പി13/1592/11/01.08.2013/ 14.08.2013 | - |
| 2008-09 &2009-10 | എൽ.എഫ്.കെ.പി13/989/12/06.07.2013/16.07.2013 | - |
| 2010-11 & 2011-12 | എൽ.എഫ്.കെ.പി13/103/14/ 25.08.2014 | 35 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി13/292/15/22.03.2016 | 47 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി13/516/16/17.09.2016 | 40 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി13/64/17/29.04.2017 | 21 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി13-1795/2017/ 01.01.2018 | 22 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി11/815/17/ 05.12.2017 | 19 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി11/1748/19/ 18.01.2020/16.03.2020 | 25 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി11/183/2020/ 27.04.2020/29.05.2020 | 36 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം**

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ എരുമേലി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ എരുമേലി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്